REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-04-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് സമാപിക്കും. മൂന്നാഴ്ചയോളം നീണ്ട പ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിന് തയ്യാറെടുക്കുകയാണ് സംസ്ഥാനത്തെ മുന്നണികളും, സ്ഥാനാർത്ഥികളും.
- നിയമസഭാ തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരുടെയും അവശ്യസേവന വിഭാഗങ്ങളുടെയും വോട്ടവകാശം നൂറ് ശതമാനം ഉറപ്പാക്കുമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ.
- പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും.
- ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി പാലിച്ചില്ലെങ്കിൽ വൈദ്യുത നിലയങ്ങളും പാലങ്ങളും നശിപ്പിക്കുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.
- IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. മൂന്നാഴ്ചയോളം നീണ്ട പ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിന് തയ്യാറെടുക്കുകയാണ് സംസ്ഥാനത്തെ മുന്നണികളും, സ്ഥാനാർത്ഥികളും, പ്രവർത്തകരും. ആദ്യഘട്ടത്തിൽ**

മന്ദഗതിയിൽ തുടങ്ങിയ പ്രചാരണത്തിന്, മാർച്ച് അവസാനവാരത്തിലും, ഏപ്രിൽ ആദ്യവാരത്തിലുമാണ് ചൂടുപിടിച്ചത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയും, കേന്ദ്രമന്ത്രിമാരും, BJP ദേശീയ അധ്യക്ഷനും ഉൾപ്പെടെ പ്രമുഖർ എത്തിയതോടെ NDA യുടെ പ്രചാരണം പ്രവർത്തകരിൽ ആവേശം നിറച്ചു. ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് ഹരിപ്പാട് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും. കേന്ദ്രസഹമന്ത്രി ശോഭാ കരന്തലെജയും ഇന്ന് പ്രചാരണത്തിനിറങ്ങും.

മുൻ ടെന്നീസ് താരം ലിയാൻഡർ പേസ് ഇന്ന് തിരുവനന്തപുരത്ത് NDA പ്രചാരണത്തിനെത്തും. കഴക്കൂട്ടത്ത് വൈകിട്ട് സംഘടിപ്പിക്കുന്ന റോഡ് ഷോ യിൽ പേസ് പങ്കെടുക്കും .

കേരളം ആര് ഭരിക്കണം എന്ന് തീരുമാനിക്കുന്നത് BJP ആയിരിക്കുമെന്ന് പാർട്ടി ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി പറഞ്ഞു. സാധാരണ ജനങ്ങളുമായാണ് BJP യുടെ ഡീൽ എന്ന് അദ്ദേഹം കണ്ണൂർ ഏച്ചൂരിലെ NDA പ്രചാരണ യോഗത്തിൽ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

..........(വോയ്സ്...)

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി, കർണാടക ഉപ മുഖ്യമന്ത്രി DK ശിവകുമാർ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർ UDF പ്രചാരണങ്ങൾക്ക് നേതൃത്വം നൽകി. AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും, പ്രതിപക്ഷ നേതാവ് VD സതീശനും, മുതിർന്ന നേതാവ് രമേശ് ചെന്നിത്തലയും, ഡോ. ശശിതരൂരും സംസ്ഥാനത്തെ മിക്ക മണ്ഡലങ്ങളിലും പ്രചാരണം നടത്തി.

UDF പ്രചാരണത്തിന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും, AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധിയും ഇന്ന് കേരളത്തിലെത്തും. കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പ്രചാരണത്തിന് രാഹുൽ ഗാന്ധി മാളയിലെ പൊതുപരിപാടിയിൽ പങ്കെടുക്കും. കുന്നംകുളം ബസ് സ്റ്റാന്റ് പരിസരത്തെ പൊതുസമ്മേളനത്തിലും അദ്ദേഹം സംബന്ധിക്കും. പാലക്കാട്ടും രാഹുൽ ഗാന്ധി ഇന്ന് പ്രചാരണം നടത്തും. DK ശിവകുമാർ കൊച്ചിയിലും, VD സതീശൻ ഇടുക്കിയിലും കോട്ടയത്തും പ്രചാരണം നടത്തും.

KC വേണുഗോപാൽ അടക്കം നേതാക്കളും പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

പ്രിയങ്കാഗാന്ധി കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലെ പ്രചാരണത്തിൽ പങ്കുചേരും. അരീക്കോട്ടും, മുക്കം, നോർത്ത് കാരശ്ശേരിയിലും, പരിപാടികളിൽ പങ്കെടുത്ത ശേഷം അവർ വയനാട് ജില്ലയിലേക്ക് പോകും. ഇരിട്ടിയിൽ പ്രിയങ്കയുടെ സന്ദർശനത്തോടനുബന്ധിച്ച് രാവിലെ എട്ടു മുതൽ ഡ്രോണുകൾക്ക് നിരോധനമേർപ്പെടുത്തി.

കർണാടകയിൽ വിജയകരമായി നടപ്പാക്കിയ അഞ്ചിന് ഗ്യാരണ്ടി കേരളത്തിലും നടപ്പാക്കാനാകുമെന്ന് കർണാടക ഉപ മുഖ്യമന്ത്രി DK ശിവകുമാർ പറഞ്ഞു. കണ്ണൂരിൽ UDF റോഡ് ഷോയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

✪✪✪

LDF പ്രചാരണത്തിന് മുഖ്യമന്ത്രി പിണറായി വിജയനാണ് സംസ്ഥാനത്ത് നേതൃത്വം നൽകിയത്. CPIM ജനറൽ സെക്രട്ടറി MA ബേബി, മുതിർന്ന നേതാക്കളായ പ്രകാശ് കാരാട്ട്, ബൃന്ദ കാരാട്ട്, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം തുടങ്ങിയവരും പ്രചാരണരംഗത്ത് സജീവമായി.

LDF ഗവണ്മെന്റിന്റെ പത്താം വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ പ്രകാശനം ചെയ്യും. പിണറായി സർവീസ് സഹകരണ ബാങ്ക് ഹാളിലെ വാർത്താസമ്മേളനത്തിലായിരിക്കും പ്രകാശനം.

CPIM ജനറൽ സെക്രട്ടറി MA ബേബി രാവിലെ കൊല്ലം ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, വൈകിട്ട് കുണ്ടറ മണ്ഡലത്തിലെ മുക്കട, ഇരവിപുരം മണ്ഡലത്തിലെ കണ്ടോൺമെന്റ് എന്നിവിടങ്ങളിൽ പ്രചാരണത്തിൽ പങ്കെടുക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരുടെയും അവശ്യസേവന വിഭാഗങ്ങളുടെയും വോട്ടവകാശം നൂറ് ശതമാനവും ഉറപ്പാക്കാൻ ക്രമീകരണങ്ങളേർപ്പെടുത്തിയതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. പോസ്റ്റൽ ബാലറ്റുകൾ സുരക്ഷിതമായി അതിവേഗം കൈമാറാൻ സംസ്ഥാന -മേഖലാ- ജില്ലാ തലങ്ങളിൽ ത്രിതല ക്ലിയറിംഗ് സെന്ററുകൾ

സജ്ജമാക്കി. പോസ്റ്റൽ ബാലറ്റ് പ്രക്രിയ പൂർത്തിയാകുന്നതു വരെ ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കും.

സംസ്ഥാനത്ത് 154 വോട്ടർ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇന്നും നാളെയും പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലന കേന്ദ്രങ്ങളിൽ ഇവ പ്രവർത്തിക്കും. നാളെ വിതരണ കേന്ദ്രങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ ഏർപ്പെടുത്തിയിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസർമാരുടെ ഓഫീസുകളിൽ പ്രത്യേക കൺട്രോൾ റൂമുകളും തുറന്നിട്ടുണ്ടെന്ന് ഡോ. കേൽക്കർ പറഞ്ഞു.

✪✪✪

വോട്ടിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ കണ്ണൂർ ജില്ലാ ഭരണകൂടവും, വിനോദസഞ്ചാര വകുപ്പും ചേർന്ന് മുഴപ്പിലങ്ങാട്ട് വോട്ടർ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

കണ്ണൂരിൽ നിന്ന് K.O.ശശിധരൻ.........

....(വോയ്സ്).....

✪✪✪

എറണാകുളം ജില്ലയിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിച്ച പൊലീസ് ഉദ്യോഗസ്ഥർക്ക് തപാൽ വോട്ട് ചെയ്യാൻ കാക്കനാട് മാർ അത്തനേഷ്യസ് സ്കൂളിലെ ഫെസിലിറ്റി സെന്ററിൽ പ്രത്യേക സൗകര്യം ഒരുക്കി. രാവിലെ ഏഴ് മുതൽ വോട്ട് ചെയ്യാം.

✪✪✪

കോന്നി നിയോജക മണ്ഡലത്തിൽ വോട്ടേഴ്സ് സ്ലിപ് വിതരണത്തിനിടെ ബൂത്ത് ലവൽ ഓഫീസറെ വളർത്തുനായ ആക്രമിച്ചു. പരിക്കേറ്റ BLO നിതിൻ S നിഖിൽ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

✪✪✪

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. ഒറ്റഘട്ടമായി തിരഞ്ഞെടുപ്പു നടക്കുന്ന തമിഴ്നാട്ടിലും പത്രികാ സമർപ്പണത്തിന്റെ അവസാന തീയതി ഇന്നാണ്.

✪✪✪

**BJP യുടെ 47-ാം സ്ഥാപക ദിനം പ്രമാണിച്ച് രാവിലെ തിരുവനന്തപുരം മാരാർജി ഭവനിൽ ആഭ്യന്തരമന്ത്രി അമിത് ഷാ പതാക ഉയർത്തും. തുടർന്ന് BJP പ്രവർത്തകരുമായി അമിത്ഷാ സംവദിക്കും.**

**✪✪✪**

**രാജ്യവ്യാപകമായി അഞ്ച് കിലോ LPG സിലിണ്ടറുകളുടെ വില്പന പെട്രോളിയം മന്ത്രാലയം വർദ്ധിപ്പിച്ചു. തിരിച്ചറിയൽ കാർഡ് നൽകിയാൽ LPG വിതരണ ഏജൻസികളിൽ നിന്ന് അഞ്ച് കിലോ സിലിണ്ടറുകൾ ലഭ്യമാകുമെന്ന് മന്ത്രാലയം അറിയിച്ചു. വിപണിവില ഈടാക്കിയായിരിക്കും സിലിണ്ടറുകളുടെ വില്പന.**

**✪✪✪**

**ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി പാലിച്ചില്ലെങ്കിൽ ഇറാന്റെ വൈദ്യുത നിലയങ്ങളും പാലങ്ങളും നശിപ്പിക്കുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. നാളെയാണ് കടലിടുക്ക് തുറക്കാൻ ട്രംപ് അനുവദിച്ച സമയപരിധി. ഇന്ന് കരാർ അന്തിമമാക്കാൻ സാധ്യതയുണ്ടെന്നും ട്രംപ് സൂചിപ്പിച്ചു.**

**അതേസമയം അന്ത്യശാസനം ഇറാൻ തള്ളി. സമ്മർദ്ദത്തിൽ ചർച്ച നടത്തില്ലെന്ന് അവർ വ്യക്തമാക്കി.**

**വിദേശകാര്യ മന്ത്രി S ജയ്ശങ്കർ ഇന്നലെ ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയുമായും ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ ബിൻ ജാസിം അൽതാനിയുമായും ടെലഫോണിൽ സംസാരിച്ചു. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം അവർ ചർച്ച ചെയ്തു. UAE വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുള്ള ബിൻ സായിദ് അൽ നഹ്യാനുമായും ഡോ. ജയ്ശങ്കർ ഫോൺ സംഭാഷണം നടത്തി.**

**പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ഇസ്രായേലിലേക്ക് എയർ ഇന്ത്യ സർവീസുകൾ മെയ് 31 വരെ റദ്ദാക്കി. ന്യൂഡൽഹി-ടെൽ അവീവ് സർവീസ് റദ്ദാക്കുന്നതോടെ ഇസ്രായേലിലെ 40,000-ലധികം ഇന്ത്യക്കാർക്ക് ജോർദാൻ വഴിയോ ഈജിപ്ത് വഴിയോ യാത്ര ചെയ്യേണ്ടി വരും. ഇസ്രായേലിലെ ഇന്ത്യൻ തൊഴിലാളികളുമായും വിദ്യാർത്ഥികളുമായും ഇന്ത്യൻ സ്ഥാനപതി J P സിങും എംബസി ഉദ്യോഗസ്ഥരും ശനിയാഴ്ച വെർച്വൽ ചർച്ച നടത്തി.**

**✪✪✪**

സംസ്ഥാനത്ത് ഇന്നും മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

പകൽ ചൂടിന് കാഠിന്യമേറുന്ന സാഹചര്യത്തിൽ സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം എന്നിവക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ചെന്നൈയിൽ IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ 43 റൺസിന് തോൽപ്പിച്ചു. ഇന്നലത്തെ ആദ്യമത്സരത്തിൽ ലക്നൗ സൂപ്പർജയന്റ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചിരുന്നു.

ഇന്ന് കൊൽക്കത്ത നൈറ്റ്റൈഡേഴ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

കർണാടകയിലെ കുടകിൽ ട്രക്കിങ്ങിനിടെ കാണാതായ മലയാളി കോഴിക്കോട് നാദാപുരം സ്വദേശി ശരണ്യ വീട്ടിലെത്തി. പുലർച്ചെ കർണാടക വനം വകുപ്പ് അധികൃതർക്കൊപ്പമാണ് ശരണ്യ വീട്ടിലെത്തിയത്. നാലു ദിവസം മുമ്പ് കാണാതായ ശരണ്യയെ ഇന്നലെ വൈകീട്ടാണ് വനമേഖലയിൽനിന്ന് കണ്ടെത്തിയത്.

✪✪✪

വിഷുപൂജകൾക്കായി ശബരിമലയിൽ ഈ മാസം പത്തിന് നട തുറക്കും. വിഷുക്കണി ദർശനം 15 നാണ്. പുലർച്ചെ നാല് മുതൽ ഏഴ് വരെയാണ് വിഷുക്കണി ദർശനം. ദർശനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് തുടങ്ങി. 18 വരെ പൂജകൾ ഉണ്ടാകും.

✪✪✪

കണ്ണൂർ ചക്കരക്കല്ലിനടുത്ത് മൗവ്വഞ്ചേരിയിൽ ഇന്നലെ വൈകിട്ട് സ്വകാര്യ ബസും വാനും കൂട്ടിയിടിച്ച് കുട്ടികൾ ഉൾപ്പെടെ ഒമ്പത് പേർക്ക് പരിക്കേറ്റു. പാലക്കാട് സ്വദേശികളായിരുന്നു വാനിൽ ഉണ്ടായിരുന്നത്. സാരമായി പരിക്കേറ്റവരെ ചാലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ആലത്തിയൂർ ഹനുമാൻകാവിലെ ഹനുമദ് ജയന്തി സംഗീതോത്സവം സമാപിച്ചു. മൂന്നുദിവസത്തെ സംഗീതോത്സവത്തിൽ അഞ്ഞൂറിലേറെ കലാകാരൻമാർ പങ്കെടുത്തു.

✪✪✪

തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ പൂർത്തിയായ ചുമർചിത്രങ്ങളുടെ സമർപ്പണം ഇന്ന്. രാവിലെയാണ് നേത്രോന്മീലനച്ചടങ്ങ്. ഒൻപതംഗസംഘം ഒരു വർഷം കൊണ്ടാണ് ചിത്രങ്ങൾ വരച്ചു തീർത്തത്.

✪✪✪

കേന്ദ്രപെൻഷൻകാർക്ക് ജനുവരി മുതൽ ലഭിക്കേണ്ട ക്ഷാമാശ്വാസം ഉടൻ പ്രഖ്യാപിക്കണമെന്ന് സെൻട്രൽ ഗവണ്മെന്റ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ജനുവരി മുതൽ 60 ശതമാനം ക്ഷാമാശ്വാസമാണ് പെൻഷൻകാർക്ക് ലഭിക്കേണ്ടതെന്ന് അസോസിയേഷൻ അറിയിച്ചു.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ, ശരണ്യ രാജൻ*
*DEO : ഷീബ*